(സി) ഇതുകൊണ്ട് റിപ്പയർ പണികൾക്കും അഴിച്ചുപണികൾക്കും വേണ്ടി ചെലവിടേണ്ട തുക എത്ര കണ്ട് കുറയ്ക്കാൻ കഴിയുമെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ദേശീയ പാതകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ചുമതലയിൽ രണ്ട് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗും പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ശരിയായ മേൽനോട്ടം വഹിക്കാതെ വരുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുക്കാറുണ്ട്.

(ബി)&(സി) ഈ കാര്യത്തിൽ ഇന്നു നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമായതിനാൽ കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലില്ല. കരാറുകാരന്റെ അനാസ്ഥമൂലം പണിയിൽ കേടുപാടുണ്ടായാൽ നിശ്ചിത ഗ്യാരന്റി പിരീഡിനുള്ളിൽ വരുന്നവയാണെങ്കിൽ കരാറുകാരൻ സ്വന്തം ചെലവിൽ കേടുപാടു തീർക്കേണ്ടതാണ്. ഉദ്യോഗസ്ഥൻമാരുടെ വീഴ്ചകൊണ്ട് ഉണ്ടാകുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കാറുണ്ട്.

128 (550) കനോലി കനാലിന്റെ പുനരുദ്ധാരണം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ കനാലിന്റെ പ്രവൃത്തി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തിക്കായി ഇതേവരെ എത്രതുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കനോലി കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 1997-98 സാമ്പത്തിക വർഷത്തിലാണ് ആരംഭിച്ചത്. കനാലിന്റെ മൊത്തമുള്ള 11.20 കി. മീ. നീളം 16 ഭാഗങ്ങളായി തിരിച്ചാണ് ടെന്റർ ചെയ്തത്. അതിൽ 15,16 ഭാഗങ്ങൾ ഒഴിച്ചു ബാക്കിയുള്ള 14 ഭാഗങ്ങളുടെയും പണി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ഏകദേശം 65%ത്തോളം പണി പൂർത്തിയായിട്ടുണ്ട്. ശേഷിച്ച ഭാഗങ്ങളിലെ (15,16) പണികൾ രണ്ടുതവണ ടെന്റർ ചെയ്തിട്ടും ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറായിട്ടില്ല. 1999 ജൂലൈ മാസത്തിൽ നിലവിൽ വന്ന പുതിയ നിരക്കനുസരിച്ച് വീണ്ടും ടെന്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പതിനാല് ഭാഗങ്ങളിലെ പുനരുദ്ധാരണ പണികൾ 2000-ാമാണ്ട് മേയ്മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന രണ്ട് ഭാഗങ്ങളിലെ പണികൾ 2001 മേയ്മാസത്തോടെ പൂർത്തീകരിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുവരെ 489.17 ലക്ഷം രൂപാ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly